Operation Engineers Exam എന്നിവയുടെ അപേക്ഷ, ഫീസ് എന്നിവ ഓൺലൈൻവഴി സ്വീകരിക്കുക, ഹാൾ ടിക്കറ്റ്, പരീക്ഷാഫലം ഇവ നേരിട്ട് അപേക്ഷകനെ അറിയിക്കുക എന്നീ സേവനങ്ങളും ഓൺലൈൻവഴി ലഭ്യമാക്കുന്നതാണ്.

(ഡി) വകുപ്പിന്റെ എല്ലാ ഓഫീസുകളും കമ്പ്യൂട്ടർവൽക്കരിക്കുകയും ഇന്റർനെറ്റ് സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. ഓൺലൈൻ സേവനത്തിനായി വകുപ്പിന്റെ സോഫ്റ്റ്വെയർ പരിഷ്കരിക്കുകയും ഇ-പേയ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ തുടങ്ങിയിട്ടുമുണ്ട്.

പട്ടികജാതിയിൽപ്പെട്ടവർക്ക് വരുമാന പദ്ധതി

169 (8229) ശ്രീ. എസ്. ശർമ്മ :
ശ്രീ. പി. ശ്രീരാമകൃഷ്ണൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതിയിൽപ്പെട്ടവർക്കായി 2012-13 വർഷം പ്രഖ്യാപിച്ച 115 കോടി രൂപയുടെ വരുമാന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ ;

(ബി) പദ്ധതിയുടെ അവലോകനം നടത്തിയിരുന്നോ ; എങ്കിൽ അതിന്റെ വിശദവിവരം അറിയിക്കാമോ ;

(സി) പദ്ധതിക്കായി എത്ര തുക ചെലവഴിച്ചെന്നും അതിനനുസൃതമായ പ്രയോജനം പട്ടികജാതി സമൂഹത്തിനു ലഭ്യമായിട്ടുണ്ടോ എന്ന കാര്യങ്ങളും പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ അതിന്റെ വിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി, ചികിത്സാ ധനസഹായ പദ്ധതി (മാരകരോഗം ബാധിച്ചവർക്ക് ഒരു ലക്ഷം രൂപവരെ) 25,000 പട്ടികജാതി കുടുംബങ്ങൾക്ക് 25,000 രൂപവരെ നൽകുന്ന ശാരീരിക ധനസഹായപദ്ധതി, പട്ടികജാതി യുവജനങ്ങൾക്ക് തൊഴിൽ പരിശീലനം നൽകുന്ന പദ്ധതി, പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന സ്വയംസഹായ സംഘങ്ങൾക്ക് QRG (കാട, മുയൽ, ആട്) പദ്ധതി എന്നിങ്ങനെ വിവിധ പദ്ധതികൾക്കായി 2012-13

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാമ്പത്തിക വർഷം 115 കോടി രൂപ അനുവദിച്ചിരുന്നു. ഇതിൽ വരുമാന പദ്ധതിയായി QRG പദ്ധതി മാത്രമാണ് വരുന്നത്. പ്രസ്തുതപദ്ധതി നടപ്പാക്കാൻ മൃഗസംരക്ഷണ വകുപ്പിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഈ പദ്ധതി പ്രകാരം 5 പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന 100 സ്വയംസഹായ സംഘങ്ങളിലെ 500 പട്ടികജാതി വനിതകൾക്ക് രണ്ട് ആട് വാങ്ങുന്നതിന് 10,000 രൂപയും ആട്ടിൻകൂട് നിർമ്മിക്കുന്നതിന് 2000 രൂപയും ചേർത്ത് ആകെ 12,000 രൂപ നൽകാൻ വിഭാവനം ചെയ്തിട്ടുള്ളതാണ്.

(ബി) QRG പദ്ധതിയുടെ അവലോകനം നടത്തിയിട്ടുണ്ട്. മൃഗസംരക്ഷണ വകുപ്പ് ടി പദ്ധതി കോട്ടയം, എറണാകുളം ജില്ലകളിലാണ് നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളത്. അതുപ്രകാരം 5 പട്ടികജാതി വനിതകൾ ഉൾപ്പെടുന്ന 50 സ്വയം സഹായ സംഘങ്ങളുടെ ലിസ്റ്റ് കോട്ടയം, എറണാകുളം ജില്ലകളിൽനിന്ന് മൃഗസംരക്ഷണ വകുപ്പിന് കൈമാറിയിട്ടുണ്ട്.

(സി) പദ്ധതിക്കായി 60 ലക്ഷം രൂപ മൃഗസംരക്ഷണ വകുപ്പിന് കൈമാറി യിട്ടുണ്ട്. പദ്ധതി പൂർത്തിയായിട്ടില്ല. പൂർത്തിയാകുന്ന മുറയ്ക്ക് പട്ടികജാതി സമൂഹത്തിന് ലഭ്യമായ പ്രയോജനം പരിശോധിച്ച് വിലയിരുത്തുന്നതാണ്.

പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി

170 (8230) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതിക്കാരുടെ വായ്പകൾ എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പ്രസ്തുത വിഭാഗത്തിലെ എത്രപേർ വായ്പ എടുത്തിട്ടുണ്ട് വായ്പ എഴുതിത്തള്ളുന്നത് സംബന്ധമായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?